# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ : പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം: പട്ടികജാതി വികസനം- തൃശ്ശൂർ കോർപ്പറേഷനിൽ തെറ്റാരി വീട്ടിൽ ശ്രീമതി. സുമതി സത്യൻ എന്നയാളുടെ വീടിനും പുരയിടത്തിനും സംരക്ഷണഭിത്തി കെട്ടുന്നതിനുമുള്ള പ്രൊപ്പോസൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സൂചന: 1) തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 18-12-2017 ലെ പി-6770/17 നമ്പർ കത്ത്.
2) 08-01-2018 ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

---

**ഉത്തരവ് നമ്പർ: പി2- 33930/17** **തീയതി: 07 -02-2018**

---

തൃശ്ശൂർ കോർപ്പറേഷനിലെ കരിമ്പനത്താഴം പട്ടികജാതി കോളനിയിലെ തെറ്റാരി വീട്ടിൽ ശ്രീമതി. സുമതി സത്യൻ എന്നയാളുടെ വീടിന്റെ പടിഞ്ഞാറ് ഭാഗം മണ്ണിടിഞ്ഞ് വീഴുന്നതിനാൽ വീടും പുരയിടവും അപകടാവസ്ഥയിലായ സാഹചര്യത്തിൽ ഈ ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള 438000/- രൂപയുടെ പ്രൊപ്പോസൽ സൂചന (1) പ്രകാരം തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയിരുന്നതും ആയത് 08-01-2018 ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നതുമാണ്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും പട്ടികജാതി വികസന വകുപ്പു ഡയറക്ടർ പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകിയാൽ മതിയാകുമെന്ന് അഭിപ്രായപ്പെടുകയും ആയത് സൂചന (2) മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ കരിമ്പനത്താഴം പട്ടികജാതി കോളനിയിലെ തെറ്റാരി വീട്ടിൽ ശ്രീമതി. സുമതി സത്യൻ എന്നയാളുടെ വീടിനും പുരയിടത്തിനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 4,38,000/- രൂപയുടെ (നാല് ലക്ഷത്തി മുപ്പത്തി എണ്ണായിരം രൂപ മാത്രം) ഫണ്ട് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിച്ചും തൃശ്ശൂർ കോർപ്പറേഷൻ LSGD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചും പദ്ധതി പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ യഥാവിധി തുക മാറി തൃശ്ശൂർ കോർപ്പറേഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിന്റെ ഡോക്യുമെന്റേഷൻ നടത്തി പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കി ടി വിവരം ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-01-800-57 Corpus fund (Plan) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

(ഒപ്പ് )
ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
തൃശ്ശൂർ.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ,കേരള ,തിരുവനന്തപുരം.
2. ഫിൻ. എ സെക്ഷൻ (തുക അലോട്ട് ചെയ്യുന്നതിന്)
3. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, തൃശ്ശൂർ കോർപ്പറേഷൻ
4. അഡീഷണൽ ഡയറക്ടർ
6. ചീഫ് പ്ലാനിംഗ് ഓഫീസർ
7. റിസർച്ച് ഓഫീസർ
8. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
9. ചീഫ് പബ്ലിസിറ്റി ഓഫീസർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. മോണിട്ടറിംഗ് സെക്ഷൻ
11. സ്റ്റോക്ക് ഫയൽ/അധികം.

ഉത്തരവിൻ പ്രകാരം

ചീഫ് പ്ലാനിംഗ് ഓഫീസർ